## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല

**പ്രവചന കാലയളവ് 23.08.2025 മുതൽ 27.08.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 34/2025 (67) വെള്ളിയാഴ്ച | തീയ്യതി 22/08/2025 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 23.08.2025 | 24.08.2025 | 25.08.2025 | 26.08.2025 | 27.08.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.4 | 0.4 | 0.2 | 0.2 | 0.3 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 92 | 92 | 92 | 92 | 92 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 8 | 8 | 4 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 230 | 250 | 230 | 200 | 200 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 6 | 6 | 7 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കു സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ:-. വിളകളിൽ കൃതയമായ നീർവാർച്ച സൗകര്യം ഒരുക്കുക. വിളകൾക് താങ്ങുകൾ കൊടുക്കുക. താങ്ങുകൾ കൂടുതൽ ബലപ്പെടുത്താൻ ശ്രദ്ധിക്കുക. പാകമായ വിളകളിൽ കഴിവതും നേരത്തെ തന്നെ വിളവെടുപ്പ് നടത്തുക. രോഗങ്ങളുടെയും കീടങ്ങളുടെയും ആക്രമണം ഒഴിവാക്കുന്നതിനായി കളകളും ഉണങ്ങിയതും രോഗം ബാധിച്ചതുമായ ചെടികളും കൃഷിയിടങ്ങളിൽ നിന്നും നീക്കം ചെയ്തു വൃത്തിയായി സൂക്ഷിക്കുക.

| വിളകൾ | രോഗകീടങ്ങൾ, വിളപരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) കതിരു വരുന്ന പരുവം | ബാക്ടീരിയൽ ഇലകരിച്ചിൽ | മഴക്കാലത്ത് നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിലിന് മുൻകരുതലായി 20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തതിൽ 20 ഗ്രാം സ്യൂഡോമോണാസ് കലക്കി മഴയില്ലാത്ത സമയത്ത് മാത്രം തളിച്ചു കൊടുക്കുക. |
| വാഴ | തടതുരപ്പൻ | തടതുരപ്പൻ വണ്ടിനെതിരെ വാഴത്തട കഷണങ്ങളിൽ ബ്യൂവേറിയ പുരട്ടി കൃഷിയിടത്തിൽ പല ഭാഗങ്ങളിൽ വച്ച് കെണികൾ ഒരുക്കുക. ഗുരുതരമായ ആക്രമണമാണെങ്കിൽ ക്ലോർപൈറിഫോസ് (2.5 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ ക്വിനാൽഫോസ് (2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) ഇലക്കവിളുകളിൽ മഴയില്ലാത്തപ്പോൾ തളിച്ചുകൊടുക്കുക. |
| കുരുമുളക് | ദ്രുതവാട്ട രോഗം | കുരുമുളകിൽ ദ്രുതവാട്ടരോഗത്തിനുള്ള സാധ്യതയുള്ളതിനാൽ ചാണകവും വേപ്പിൻ പിണ്ണാക്കും ഇളക്കി ചേർത്ത് ട്രൈക്കോഡെർമ വളർത്തിയെടുത്ത മിശ്രിതം ഒരു മൂടിന് 5 കി. ഗ്രാം എന്ന തോതിൽ ഇട്ടുകൊടുക്കുക. ഇതിനായി 1-2 കിലോഗ്രാം ട്രൈക്കോഡെർമ, 90 കിലോഗ്രാം ചാണകപ്പൊടി, 10 കിലോഗ്രാം വേപ്പിൻ പിണ്ണാക്ക് ഇവയുമായി കൂട്ടിക്കലർത്തി വെള്ളം തളിച്ച് ഇളക്കി തണലുള്ള സ്ഥലത്തു ചെറു കൂനയാക്കി പോളിത്തീൻ ഷീറ്റ് ഉപയോഗിച്ച് മൂടിയിടുക. ഒരാഴ്ചക്ക് ശേഷം ഈ മിശ്രിതം വീണ്ടും ഇളക്കി ആവശ്യത്തിന് വെള്ളം തളിച്ച് കൂനയാക്കി ഒരാഴ്ച കൂടി മൂടിയിടുക. ഇപ്രകാരം തയ്യാറാക്കിയ ട്രൈക്കോഡെർമ വിറിഡെ മിശ്രിതം ഉപയോഗിക്കാവുന്നതാണ് |

മൃഗസംരക്ഷണം-: ആട്ടിൻ കൂട് നിർമ്മിക്കുമ്പോൾ ഒരു ആടിന് 1m2 വിസ്തീർണ്ണമാണ് കണക്കാക്കുന്നത്. എന്നാൽ ഇത് പാലിക്കാതെ വരുന്ന അവസരങ്ങളിൽ ആടുകൾ തിങ്ങി പാർക്കുമ്പോൾ മഴക്കാലങ്ങളിൽ ശ്വാസകോശ സംബന്ധമായ അണുബാധയുണ്ടാകുന്നു. വായിൽ നിന്നും മൂക്കിൽ നിന്നും വരുന്ന വെള്ളയും മഞ്ഞയും നിറത്തിലുള്ള കട്ടികൂടിയ ദ്രാവകമാണ് ഇതിന്റെ ലക്ഷണം. ഇത്തരം ലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ കൃത്യമായ ചികിത്സ നൽകാൻ ശ്രദ്ധിക്കുക.